Registered KL/CR/TCR/353/2009-11
Posted at Thrissur RMS/2 on 20 & 21/9/2009

# തെളിഞ്ഞ കാഴ്ചയോടെ ഒരു നോവൽ

പി. എ. അശോകൻ




ഇന്റ കണ്ണിന്റെ നേരെ നേരേ
(നോവൽ)
ഐ.കെ. മോഹനൻ
പ്രസാധകർ :
ഇന്റർ കൾച്ചറൽ സെന്റർ, ചേറൂർ
പേജ് : 82. വില : 60 രൂപ

അധ്വാനത്തോടും കൂട്ടായ്മകളോടും വിമുഖത കാണിക്കുന്ന ഇന്നത്തെ നമ്മുടെ ജീവിത സാഹചര്യത്തിന്റെ ഇത്തരം ജീവിതങ്ങളുടെ തട്ടിപ്പ് പ്രസരിപ്പിക്കുന്ന അവസ്ഥകൾ തുറന്നു കാണിക്കുന്നത് നോവലിനെ ഹൃദയഹാരിയാക്കുന്നുണ്ട്. ഓരോ സമുദായത്തിനും അതിന്റെ പുരാവൃത്തവും വാമൊഴിയും ഉണ്ടായിരിക്കും. തങ്ങളുടെ വാമൊഴി പ്രകടിപ്പിക്കുന്നതിൽ അപകർഷതാ ബോധമാണ് പുതിയ തലമുറക്കുള്ളത്. ഈ അവസ്ഥയിൽ തന്നെ വാമൊഴിയിലൂടെ ഈ നോവൽ എഴുതിയത് നോവലിസ്റ്റ് ചെയ്ത ഏറ്റവും വലിയ വെല്ലുവിളിയാണ്. സാഹിത്യത്തിൽ വരും കാലം ഒരു പക്ഷെ ഈ നോവലിനെ അടയാളപ്പെടുത്തുന്നത് ഈ വാമൊഴി ഭാഷയിലൂടെയായിരിക്കും.

തങ്ങളുടെയിടയിലെ സ്ത്രീകൾ അനുഭവിക്കേണ്ടി വന്നത് കേവലം അവഗണന മാത്രമല്ലെന്നും രൂക്ഷമായ പീഡനങ്ങൾ തന്നെയാണെന്ന് തന്റെ കുടുംബത്തിലെ തന്നെ സംഭവങ്ങളിലൂടെ നോവലിസ്റ്റ് പറയുന്നതിനോടൊപ്പം അവരോട് അനുഭാവം പ്രകടിപ്പിയ്ക്കാനും ശ്രമിക്കുന്നു.

എല്ലാവരേയും പോലെ വിദ്യാഭ്യാസം നേടുകയും തൊഴിലെടുക്കുകയും ചെയ്യുമ്പോഴും ആചാരങ്ങളും അനീതിയും തങ്ങളെ വേട്ടയാടുന്നതിൽ രോഷം കൊള്ളുന്നുണ്ട് നോവലിസ്റ്റ്. 'വേലകെട്ടി' അമ്പലത്തിൽ കയറാൻ ഇപ്പോഴും തങ്ങൾക്കാവുന്നില്ല. പക്ഷെ, നഗരത്തിലെ സാസ്കാരിക പരിപാടികൾക്ക് വേലകളി വേണംതാനും, തൊഴിലിടങ്ങളിൽ സ്വകാര്യമായി ജാതി വിവേചനം പ്രകടിപ്പിക്കുകയും യോഗത്തിനും, പ്രകടനത്തിനും ശക്തിക്കൂട്ടാൻ ക്ഷണിക്കുകയും ചെയ്യുന്നു. സമൂഹത്തിലെ ഈ ഇരട്ടത്താപ്പ് നോവലിൽ തുറന്നു കാണിക്കുന്നുണ്ട്. അവഗണനയിൽ അരികുചേർക്കപ്പെട്ട ഒരു സാമൂഹ്യവിഭാഗത്തിലെ ഒരു യുവാവിന്റെ സ്വത്യാന്വേഷണമാണ് ഐ. കെ മോഹനന്റെ 'ഇന്റ കണ്ണിന്റെ നേരെ നേരേ........' എന്ന നോവൽ. നമ്മൾ വായിച്ചു പഠിച്ച ചരിത്രങ്ങളിൽ രേഖപ്പെടുത്താതെ പോയ ജീവിതങ്ങളുടെ കഥയാണ് ഈ നോവലിൽ.

ജാതിവ്യവസ്ഥയിൽ ജീവിതം ദുരിതപൂർണ്ണമായ അവർണ്ണവിഭാഗങ്ങളുടെ ഭാഗത്തുനിന്നുള്ള ചരിത്രത്തെ വായിച്ചെടുക്കലാണ് ഐ.കെ. മോഹനൻ ഈ നോവലിലൂടെ ചെയ്യാൻ ശ്രമിക്കുന്നത്. ബാല്യത്തിലെ കൗതുകകാഴ്ചകളായി കണ്ടെത്തുന്ന പാടത്തെ 'ചുഴലി'യെ തന്നെ ജീവിതത്തെ മുഴുവൻ ചൂഴ്ന്നു നില്ക്കുന്ന ഒന്നായി നോവലിസ്റ്റ് കണ്ടെത്തുന്നു.

തന്റെ പൂർവ്വികരുടെ ജീവിതവും താൻ അനുഭവിച്ച തിക്ത യാഥാർത്ഥ്യങ്ങളും തന്നെ 'ചുഴലിയിൽ അകപ്പെട്ടവനെപ്പോലെയാക്കി (ഭ്രാന്തനാക്കി)യതായി നോവലിസ്റ്റ് പറയുന്നു.

മുഖ്യധാര ജീവിതത്തിന്റെ വശങ്ങളിൽപ്പോലും എത്താൻ കഴിയാതിരുന്ന തന്റെ പൂർവ്വികരുടെ ജീവിതവും അതിന്റെ തുടർച്ചയായ തന്റെ അനുഭവ പരിസരങ്ങളെയും പാടത്തെ അമ്പലത്തിലെ, സ്കൂളിലെ വായനശാലയിലേയും അവഗണനകളെ അപമാനങ്ങളെ മറികടക്കുന്നതിനെ സ്വന്തംഭാഷയിൽ വിശദമാക്കുകയാണ് മോഹനൻ.

സ്വന്തം സമുദായത്തിലെ അദ്ധ്വാനത്തിന്റേയും സുഖദുഃഖങ്ങൾ പങ്കുവെയ്ക്കലിന്റേയും പാരമ്പര്യത്തിന്റേയും അനുഭവങ്ങൾ തീക്ഷ്ണമായി അവതരിപ്പിക്കുമ്പോഴും പുറംലോകം തങ്ങളോട് കാണിക്കുന്ന അപമാനിക്കാനും തകർക്കാനുമുള്ള ശ്രമങ്ങളെ അതു രോഷത്തോടെ നോവലിസ്റ്റ് അവതരിപ്പിക്കുന്നു.

ലോകം വികസനത്താൽ ചീർക്കുമ്പോൾ തങ്ങളുടെ ജീവൻ നിലനിർത്തിയ പാടവും, തോടും, കുളങ്ങളും നഷ്ടപ്പെട്ട് ജീവിതം അന്യമാകുന്നവർക്കും വികസനത്തിന്റെ എല്ലാ അഴുക്കുകളും പേറേണ്ടി വരുന്നവരും തങ്ങൾ ഗ്രാമവാസികളാണെന്ന തിരിച്ചറിവും ഈ നോവലിന്റെ രാഷ്ട്രീയബോധമാണ്. അധിനിവേശത്താൽ വീണ്ടും, വീണ്ടും തകർത്തെറിയുന്ന തങ്ങളുടെ ജീവിതം 'ചാവുന്നതി'ൽ നിന്നും 'മരിക്കുന്നതി'ലേക്കുള്ള മാറ്റം മാത്രമാണ് അനുഭവിച്ചിട്ടുള്ളുവെന്ന് ഈ നോവൽ പറഞ്ഞുവെക്കുന്നു.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21.
Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com